International Research Journal of Education and Technology

Peer Reviewed Journal, **ISSN 2581-7795**

# PANDAVAPURAM—A PSYCHOLOGICAL STUDY

Dr. Veena S, Assistant Professor,

Department of Malayalam, St. Thomas College, Ranni.

**Abstract**

Sethu is a writer who demonstrated original creative prowess by introducing different narrative strategies into the history of Malayalam novel literature. Recognizing that existing methods were insufficient to articulate the complex human mind and human relationships, he expressed a contemporary picture of life's rational and irrational states in a unique way. These works simultaneously led the reader to subtle levels of enjoyment and into a hallucinatory state. The novel 'Pandavapuram' imparted a new sensibility that Malayalam readers had not experienced before. This paper investigates the psychological perspectives in 'Pandavapuram,' focusing on 'Devi,' the main character of the novel.

**Keywords:** Unconscious mind, social morality, patriarchy, hallucinatory.

International Research Journal of Education and Technology

Peer Reviewed Journal, **ISSN 2581-7795**

# പാണ്ഡവപുരം - ഒരു മന:ശാസ്ത്രപഠനം

ഡോ.വീണ എസ്.

അസിസ്റ്റന്റ് പ്രൊഫസർ

മലയാളവിഭാഗം

സെന്റ് തോമസ് കോളേജ്, റാന്നി.

ആമുഖം

മലയാള നോവൽസാഹിത്യചരിത്രത്തിൽ വ്യത്യസ്തമായ ആഖ്യാനതന്ത്രവുമായി കടന്നുവന്ന് മൗലികമായ രചനാ പാടവം തെളിയിച്ച എഴുത്തുകാരനാണ് സേതു. സങ്കീർണമായ മനുഷ്യമനസ്സിനെയും മാനുഷികബന്ധങ്ങളെയും ആവിഷ്കരിക്കാൻ നിലവിലുള്ള രീതികൾ പര്യാപ്തമല്ലെന്ന് തിരിച്ചറിഞ്ഞ് യുക്തിയും ആ യുക്തിയും നിറഞ്ഞ ജീവിതാവസ്ഥയുടെ കാലികചിത്രം വ്യത്യസ്തമായ രീതിയിൽ അദ്ദേഹം ആവിഷ്കരിച്ചു. വായനക്കാരനെ ഒരേസമയം ആസ്വാദനത്തിന്റെ സൂക്ഷ്മതലങ്ങളിലേക്കും ഭ്രമാത്മകമായ അവസ്ഥയിലേക്കും അവ നയിച്ചു.മലയാളി വായനക്കാർ അതുവരെ അറിഞ്ഞിട്ടില്ലാത്ത ഒരു പുത്തൻ ഭാവുകത്വമാണ് 'പാണ്ഡവപുരം' എന്ന നോവൽ പകർന്നു നൽകിയത്. പാണ്ഡവപുരം നോവലിലെ പ്രധാന കഥാപാത്രമായ 'ദേവി' എന്ന കഥാപാത്രത്തെ ആസ്പദമാക്കി പാണ്ഡവപുരത്തിലെ മന:ശാസ്ത്രദർശനങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ- അബോധമനസ്സ്, സാമൂഹിക സദാചാരം, പുരുഷാധിപത്യം, ഭ്രമാത്മകം.

## മനോവിജ്ഞാനീയസിദ്ധാന്തങ്ങൾ സാഹിത്യത്തിൽ

ഇരുപതാംനൂറ്റാണ്ടിൽ ശാസ്ത്ര സാങ്കേതികവിദ്യകളുടെ സ്വാധീനത്തിന്റെ ഫലമായി ജീവിതത്തെ സങ്കീർണ്ണമാക്കുന്ന പല സമസ്യങ്ങളും ഉരുത്തിരിഞ്ഞു. മനുഷ്യന്റെ ചിന്തകളെയും അവന്റെ പ്രവർത്തികളെയും മന:ശാസ്ത്രാധിഷ്ഠിതമായി വിശകലനം ചെയ്യുവാൻ ശാസ്ത്രലോകം തയ്യാറായി. പാശ്ചാത്യലോകത്തുണ്ടായ സൈന്റിഫിക്

ഡിറ്റർമിനിസം ജീവിതചിന്തകളെ സാരമായി ബാധിച്ചു. മനഃശാസ്ത്രരംഗത്ത് ഉണ്ടായ പുതിയ പഠനങ്ങൾ സാഹിത്യരംഗത്തെയും ബാധിച്ചു വ്യക്തിമനസ്സിന്റെ അപഗ്രഥനം സാഹിത്യത്തിൽ അനിവാര്യമായി.അവയെ അപഗ്രഥിക്കുന്നതിന് നിലവിലുള്ള രീതികൾ അപര്യാപ്തമായിരുന്നു.ഇതിന്റെ ഫലമായി പല പുതിയ സിദ്ധാന്തങ്ങളും സാഹിത്യരംഗത്ത് പരീക്ഷിക്കപ്പെട്ടു. ക്ലാസിസം, റൊമാന്റിസം,മാർക്സിസം, എക്സിസ്റ്റൻഷനിസം തുടങ്ങിയ ദർശനങ്ങളെപ്പോലെ മനോവിജ്ഞാനീയവും സാഹിത്യരംഗത്ത് പരീക്ഷിക്കപ്പെട്ടു.

രണ്ടു കാരണങ്ങൾ കൊണ്ടാണ് മന:ശാസ്ത്ര സിദ്ധാന്തങ്ങൾ സാഹിത്യത്തെ സ്വാധീനിച്ചത്. ഒന്നാമതായി ഭൗതികവ്യാഖ്യാനത്തിന് അതീതമായ പല കാര്യങ്ങളും മന:ശാസ്ത്രപരമായി വിശദീകരിക്കാൻ സാധിക്കും.രണ്ടാമതായി ഗ്രന്ഥകർത്താവിന്റെ വാക്യങ്ങൾക്ക് വ്യത്യസ്തമായ പല അർത്ഥങ്ങളും കണ്ടെത്താൻ കഴിയും.ഭൗതികസാഹചര്യങ്ങൾ എപ്രകാരം വ്യക്തിയുടെ മനോഘടന രൂപപ്പെടുത്തുന്നു എന്നതിനെപ്പറ്റിയുള്ള അന്വേഷണങ്ങളും പഠനങ്ങളും സർവ്വത്രികമായി വിശകലനം ചെയ്യപ്പെട്ടു. മനുഷ്യമനസ്സിനെക്കുറിച്ചുള്ള നവനിരീക്ഷണങ്ങൾ അക്കാലത്തെ എഴുത്തുകാർ സാഹിത്യരംഗത്ത് ഏറെ ഉപയോഗപ്പെടുത്തി. വില്യം ജെയിംസ്,ബർഗ്സൺ, ഫ്രോയിഡ് എന്നിവരുടെ മനശാസ്ത്ര സിദ്ധാന്തങ്ങൾ ഇത്തരം നിരീക്ഷണങ്ങൾക്ക് ശാസ്ത്രീയമായ അടിത്തറ നൽകി. ഇങ്ങനെ ആധുനികസർഗ്ഗാത്മക സാഹിത്യത്തെ മനോവിജ്ഞാനം ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. ജീവിതദർശനം, സാങ്കേതികത, കഥാപാത്രവിശകലനം, ആഖ്യാനം, ഭാഷ എന്നീ രംഗങ്ങളിലെല്ലാം മനോവിജ്ഞാനീയത്തിന്റെ സ്വാധീനം പ്രകടമായി.

സർഗാത്മക സാഹിത്യത്തെ സ്വാധീനിച്ച മനോവിജ്ഞാനിയത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ചത് ഫ്രോയിഡ്, ആഡ്ലർ,യുങ് എന്നീ മനശാസ്ത്രജ്ഞന്മാരാണ്.ഹിസ്റ്റീരിയ രോഗത്തെ കുറിച്ചുള്ള അന്വേഷണത്തിൽ അബോധ മനസ്സിലുണ്ടാകുന്ന സംഘർഷങ്ങളാണ് പല മാനസിക രോഗങ്ങൾക്കും കാരണമാകുന്നതെന്ന് ഫ്രോയിഡ് കണ്ടു പിടിച്ചു.മനുഷ്യമനസ്സ് ഭൗതികവ്യാപാരങ്ങളുടെ യെല്ലാം അടിസ്ഥാനമാണ്. ബോധാവസ്ഥയിലെ പ്രവർത്തനങ്ങൾ അബോധമനസ്സിന്റെ പ്രകടമായ പ്രതിഫലനം മാത്രമാണ്. അബോധമനസ്സിനെക്കു റിച്ചുള്ള ശാസ്ത്രീയമായ പഠനങ്ങൾ ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ്. അബോധമനസ് എന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് ഫ്രോയിഡിന്റെ പിൽക്കാല ഗവേഷണപദ്ധതി മുഴുവൻ നിലനിൽക്കുന്നത്.

ഫ്രോയ്ഡിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട മനോവിശകലനസംഘത്തിലെ അംഗമായിരുന്നു കാൾ ഗുസ്താവ് യുങ്. അബോധമനസ്സ് എന്ന സങ്കൽപ്പത്തെ അദ്ദേഹം കൂടുതൽ വിശാലമാക്കി.അപഗ്രഥനാത്മക മന:ശാസ്ത്രം എന്ന പേരിലാണ് അദ്ദേഹത്തിന്റെ സംഭാവനകൾ അറിയപ്പെടുന്നത്. അബോധമനസ്സിൽ ജന്മവാസനകൾ മാത്രമല്ല ഉള്ളതെന്ന് അദ്ദേഹം പറഞ്ഞു.ബോധതലം നിലനിൽക്കുന്നത് ഇതിനെ ആശ്രയിച്ചാണ്.ഇത് രണ്ടും ഉൾപ്പെടുത്തി മനസ്സിനെ സൈക്ക് (Psyche)എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. ബോധതലവും അബോധതലവും അതിന്റെ തുല്യ ഭാഗങ്ങളാണ്.

വ്യക്തി സമൂഹത്തിന്റെ ഭാഗമാണെന്ന വീക്ഷണത്തിലാണ് സ്വന്തം സിദ്ധാന്തങ്ങൾ ആഡ്‌ലർ അവതരിപ്പിച്ചത്.ഓരോ വ്യക്തിയും അതുല്യനാണ്. കാരണം എല്ലാവർക്കും അവരവരുടേതായ ലക്ഷ്യവും അതിനനുസരിച്ച ജീവിതരീതിയുമുണ്ട്. ജീവിതലക്ഷ്യം മാറുന്നതിനനുസരിച്ച് ജീവിതരീതിയിലും മാറ്റം വരും. ഫ്രോയിഡിന്റെ ശൈശവലൈംഗികതയെ നിഷേധിച്ചുകൊണ്ട് ഓരോ ശിശുവിലും പുരുഷത്വവും സ്ത്രീത്വവും കുടികൊള്ളുന്നുണ്ടെന്നും പുരുഷത്വം മേധാവിത്വം സ്ഥാപിക്കാനുള്ള ശ്രമത്തിലാണെന്നും അദ്ദേഹം വാദിച്ചു.അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഉൽക്കർഷത്തിനും അധികാരത്തിനുമുള്ള ഇച്ഛയാണ് മനുഷ്യനിലെ പ്രബലവാസന. ഫ്രോയിഡ് അബോധ മനസ്സിന്റെ വ്യക്തിനിഷ്ഠമായ തലത്തിലാണ് ശ്രദ്ധിച്ചത്. സമൂഹാബോധമനസ്സിന്റെ ഒരംശം എന്ന നിലയിൽ വ്യക്തിയുടെ അബോധമനസ്സിനെ അപഗ്രഥിക്കാൻ യുങ് ശ്രമിച്ചു. ആഡ്‌ലർ വ്യക്തിത്വത്തെ നിർണയിക്കുന്നതിനടിസ്ഥാനമായി അബോധ മനസ്സിനെയാണ് കണ്ടെത്തിയെങ്കിലും വ്യക്തി അവന്റെ ലക്ഷ്യത്തിലെത്താൻ ഉള്ള വഴി കണ്ടുപിടിക്കുന്നത് ബോധപൂർവ്വമാണെന്ന് വാദിച്ചു.മാനസിക വ്യാപാരങ്ങൾ മൗലികപ്രേരണകളുടെ ഫലമാണെന്ന് ഫ്ലോയിഡും യുങ്ങും പറഞ്ഞപ്പോൾ അവ ലക്ഷ്യോന്മുഖ മാണെന്ന് ആഡ്‌ലർ കണ്ടെത്തി.

പാണ്ഡവപുരം- നോവൽ

പാണ്ഡവപുരം നോവലിലെ പ്രധാന കഥാപാത്രമാണ് കളരിപ്പാടംതറവാട്ടിലെ കുഞ്ഞിക്കുട്ടന്റെ സുന്ദരിയായ ഭാര്യ 'ദേവി'. കൂടോത്രം ചെയ്ത് ഭാര്യവീട്ടുകാർ മയക്കിയെന്നാരോപിച്ച് ഭർത്താവ് അവളെ സംശയിക്കാൻ തുടങ്ങി. നിത്യജീവിതത്തിലെ നിസ്സാരമായ വഴക്കുകൾകൂടി അയാൾ കാര്യമായി എടുത്തു. അവളുടെ ഓരോ ചലനങ്ങളിലും സംശയിക്കാൻ പാകത്തിന് അയാൾ ഒരുപാട് കാരണങ്ങൾ കണ്ടെത്തി, വഴക്കു കൂടി. കണ്ടാൽ പോലും സഹിക്കാൻ പറ്റാത്ത രീതിയിൽ കിടപ്പു പോലും വേറെ മുറികളിലായി.ഒരു തിരുവാതിരക്കാലത്ത് രാത്രിയിൽ എങ്ങോട്ടെന്നറിയാതെ അയാൾ നാടുവിട്ടു.

ഒരു പഴന്തുണി പോലെ കുഞ്ഞൂട്ടേട്ടൻ തന്നെ വലിച്ചെറിഞ്ഞു കളഞ്ഞതിന്റെ കാരണം നിരപരാധിയായ അവൾക്ക് എത്ര ചിന്തിച്ചിട്ടും മനസ്സിലായില്ല. അതുകൊണ്ടുതന്നെ എല്ലാവരെയും തെറ്റിദ്ധരിപ്പിക്കാൻ പാകത്തിലുള്ള ഒരു ഭൂതകാലത്തെ യുക്തിപൂർവ്വം അവൾ മനസ്സിൽ മെനയുന്നു. പാണ്ഡവ പുരം എന്ന ദേശവും ഭർത്താവുമൊത്ത് അവിടെ കഴിഞ്ഞ കാലവും രാത്രികാലങ്ങളിലുള്ള ജാരസംസർഗ്ഗവും എല്ലാം അവിടെ യാഥാർത്ഥ്യമാകുന്നു. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട അവൾ പാണ്ഡവപുരത്തെ ജാരന്മാരെ ഓരോരുത്തരെയായി ആവാഹിക്കാൻ ശ്രമിക്കുന്നു. സങ്കല്പലോകത്തിലേക്ക് താൻ ആവാഹിച്ച് വരുത്തിയ ഇരുണ്ടനിറമുള്ള ചെറുപ്പക്കാരനെ പുരുഷവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയായി കണ്ടുകൊണ്ട് ഒരു പ്രതികാര ദുർഗ്ഗയെപ്പോലെ അവൾ പകവീട്ടുന്നു." എനിക്കു നിങ്ങളെ തോൽപ്പിക്കണം,ചവിട്ടി ഞെരിക്കണം. നിങ്ങളുടെ നഗ്നശരീരത്തിൽ ദുർഗ്ഗയെ പോലെ നൃത്തമാടണം, നിങ്ങളുടെ ചോര എടുത്ത് പൊട്ടു തൊടണം,നിങ്ങളുടെ കുടലുമാല എടുത്ത് കഴുത്തിൽ അണിയണം… നിങ്ങളുടെ മാത്രമല്ല നിങ്ങളെപ്പോലെയുള്ള ഓരോ പുരുഷന്റെയും.. " തന്റെ മനസ്സിൽ അനാവശ്യമായ മോഹങ്ങൾ മുളപ്പിച്ചതിനും ജീവിതം താറുമാറാക്കിയതിനും പുരുഷന്റെ അഹന്തയുടെ പത്തിയിൽ അവൾ ആഞ്ഞാഞ്ഞു ചവിട്ടി എണ്ണിയെണ്ണി മാപ്പ് പറയിപ്പിച്ച് ഒടുവിൽ അവസാനത്തെ ഒറ്റ ചവിട്ടോടെ ചളിക്കുണ്ടിലേക്ക് താഴ്ത്താൻ അവൾ മോഹിച്ചു. അങ്ങനെ ചവിട്ടിഅരയ്ക്കപ്പെട്ട ഭൂതകാലത്തിനോടുള്ള പകയും നിസ്സഹായതയും മൂലം യഥാർത്ഥ വർത്തമാനകാലത്തിലുള്ള ആത്മബോധം അവൾക്ക് നഷ്ടപ്പെടുന്നു.

മലയാളത്തിലെ എക്കാലത്തെയും ശക്തമായ സ്ത്രീ കഥാപാത്രമാണ് 'ദേവി'.മന:ശാസ്ത്രപരമായ സൂക്ഷ്മതലത്തിലൂടെ മനുഷ്യമനസ്സിലെ ദുരൂഹമായ ചില പ്രവണതകളെ ഈ നോവൽ ആവിഷ്കരിക്കുന്നു. മിഥ്യയുടെയും യാഥാർത്ഥ്യത്തിന്റെയും പൊരുളുകൾ അന്വേഷിക്കുന്ന മനസ്സിന്റെ സൃഷ്ടിയാണ് പാണ്ഡവ പുരം. പാണ്ഡവപുരത്തിലെ സംഭവങ്ങൾ ബോധത്തിലാണോ അബോധത്തിലാണോ എന്ന അസന്ദിഗ്ധതയിലാണ് നോവലിന്റെ രചന.ദേവിയുടെ മനസ്സുപോലെ യുക്ത്യതീതമായ ഒരന്തർഘടന ഈ നോവലിനും ഉണ്ട്." പായൽ മൂടി മാഞ്ഞു തുടങ്ങിയ സംഭവങ്ങളുടെ പിൻബലമുള്ള ധാരാളം തെളിവുകൾ വേണം എനിക്ക്.ഒരുപാട് കാരണങ്ങൾ വേണം.ഇല്ലാത്ത ഒരു ഭൂതകാലം മെനഞ്ഞുണ്ടാക്കാൻ പണിപ്പെടുമ്പോൾ മുറിഞ്ഞു ചോര കിനിയുന്നത് എന്റെ ഉള്ളിലാണ്.എന്തിന് കുഞ്ഞൂട്ടേട്ടൻ ഒരു പഴന്തുണിക്കെട്ടുപോലെ എന്നെ വലിച്ചെറിഞ്ഞ് ഓടിക്കളഞ്ഞു?ഞാനെന്തു തെറ്റ് ചെയ്തു? " എന്ന ചോദ്യം രാമായണകാലം മുതലേ ഉള്ള ചോദ്യമാണ് സീതയെപ്പോലെ, അഹല്യയെപ്പോലെ, രേണുകയെപ്പോലെ അനേകം സ്ത്രീഹൃദയങ്ങളിൽ നിന്ന് ഇന്നും ഉയരുന്ന ചോദ്യങ്ങൾ .

സമൂഹത്തിന്റെ സദാചാരപരവും പുരുഷാധിപത്യപരവുമായ നിലപാടുകൾ സൃഷ്ടിക്കുന്ന അരക്ഷിതമായ സാഹചര്യത്തിൽ ഭ്രമത്മകമായ അവസ്ഥയിലൂടെ കടന്നുപോകുന്ന കഥാപാത്രമാണ് ദേവി. ജനിമൃതികളുടെ ഇടവേളകളിലെ ചാക്രികമായൊ ഴുകുന്ന ഒരു കാലബോധവും അതിന്റെ നിഴൽ പോലെയുള്ള ഭാവനയുടെ ലോകവും പ്രജ്ഞയുടെ ഇരട്ട സൂചകങ്ങളാണ്. ജീവിതാവസ്ഥയുടെ സ്വാഭാവികമായ പരിണാമം എന്ന നിലയിൽ മാനസികമായി വികലമായ അത്തരം ഒരു അവസ്ഥയിൽ അവൾ എത്തിച്ചേരുന്നു. മാനസികവും വൈകാരികവുമായ ഘടകങ്ങൾ ചിന്തയുടെ പ്രധാന ഭാഗമാണ്.അരക്ഷിതത്വബോധവും വേദനയും ഭയവും ആകാംക്ഷയും എല്ലാം ചിന്തയുടെ ഏകാഗ്രത തന്നെ നഷ്ടപ്പെടുത്തുന്നു.ഈ രണ്ടു ലോകവും വ്യത്യസ്തമല്ല എന്ന ബോധത്തിലാണ് അവളുടെ മനസ്സ് ശാന്തമാകുന്നത്.

വ്യക്തി സമൂഹത്തിന്റെ ഭാഗമാണ്. അതിന് യോജിച്ച രീതിയിൽ പ്രവർത്തിക്കുമ്പോഴും അതിൽ നിന്ന് വേറിട്ട് നിൽക്കുന്ന വൈകാരിക ബോധം ഓരോ വ്യക്തിയിലും ഉണ്ട് വൈകാരികഭാവങ്ങൾ എപ്പോഴും ആവിഷ്കാരത്തിന് കൊതിക്കുന്നതും സാമൂഹിക മൂല്യങ്ങൾക്കനുസരിച്ച് പ്രകടമാകാതെ പരാജയപ്പെടുന്നതുമാണ്.വ്യക്തിയുടെ വൈകാരികമായ മനോഭാവത്തെ കണക്കാക്കാതെ സമൂഹത്തിന്റെ ഇടപെടൽ ഉന്മാദത്തിനു പോലും കാരണമാകാമെന്ന് ഫ്രോയിഡ് നിരീക്ഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യൻ അവന്റെ ഭൂതകാലത്തിന്റെ നിസ്സഹായനായ അടിമയാണ്. സാഹചര്യങ്ങൾ സൃഷ്ടിച്ച ബുദ്ധിഭ്രമം തന്നെയാണ് ദേവിയിലും പ്രവർത്തിച്ചത്."പാണ്ഡവപുരം ആശ്വാസമാണ്,ആശ്വാസം മാത്രമാണ്.അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരം രൂപം കൊള്ളുന്നു". അങ്ങനെ രൂപപ്പെടുത്തിയ ദേശം ഒരേസമയം അവളുടെ നൈരാശ്യത്തിന്റെയും സ്വപ്നത്തിന്റെയും ഭൂമിയാണ്. ദു:സ്വപ്നങ്ങൾ മാത്രമുള്ള ഭൂതകാലവും അന്ധകാരം നിറഞ്ഞ ഭാവിയും സന്ധിക്കുന്ന വർത്തമാനകാലം ശൂന്യവും നിശ്ചലവും ആകുന്നു .അവിടെ ഊഷ്മളമാകുന്നത് ഭാവനയിൽ രചിക്കപ്പെടുന്ന ചിത്രങ്ങൾ മാത്രം.

അടിച്ചമർത്തപ്പെട്ട വികാരങ്ങളോടുകൂടിയ അബോധ മനസ്സിന്റെ സാക്ഷ്യപത്രങ്ങളായിട്ടാണ് സ്വപ്നങ്ങളെ ഫ്രോയിഡ് വിശേഷിപ്പിച്ചത്.ആഗ്രഹപൂരണത്തിനുള്ള മനോവൃത്തികളാണ് സ്വപ്നങ്ങൾ എന്ന് അദ്ദേഹം വാദിക്കുന്നു. പ്രകൃതിയുടെ ഭാഗമായ മനുഷ്യനിൽ ജന്മസിദ്ധമായി തന്നെ പ്രാകൃത ചോദനകൾ ഉണ്ട്. വ്യക്തിയിലെ പ്രകൃതി മനുഷ്യനും സാമൂഹിക മനുഷ്യനും തമ്മിലുള്ള ഏറ്റുമുട്ടൽ ആണ് സംസ്കാരത്തോട് ഒത്തു പോകുമ്പോൾ ഓരോ വ്യക്തിയിലും നടക്കുന്നത്. സാമൂഹിക സദാചാര നിയമങ്ങളെ ഭയപ്പെടാതെ എല്ലാവിധത്തിലുള്ള വിപരീതചിന്തകളും സ്വപ്നത്തിൽ പ്രകടമാകുന്നു.സന്മാർഗ ബോധത്തിനനുസരിച്ച് ജന്മവാസനകളെ നിയന്ത്രിക്കുമ്പോൾ ആനന്ദ തത്വത്തെ സാക്ഷാത്കരിക്കാനുള്ള അവയുടെ ശ്രമത്തിന്റെ ഫലമായാണ് സ്വപ്നത്തെ

മന:ശാസ്ത്ര വീക്ഷണത്തിൽ അവതരിപ്പിക്കുന്നത്.ഇങ്ങനെ അടിച്ചമർത്തപ്പെടുന്ന വാസനങ്ങളിൽ ഏറ്റവും പ്രധാനം ലൈംഗികതയാണ്.അടിച്ചമർത്തപ്പെട്ട ലൈംഗികതയുടെ പ്രതീകമായി സ്വപ്നത്തിൽ പാണ്ഡവപുരത്തെ ജാരസാമിപ്യം അവൾ കാണുന്നു. അതോടൊപ്പം ജാരസംസർഗ്ഗം ആരോപിച്ച് നാടുവിട്ട ഭർത്താവിനോടുള്ള പ്രതികാരം എന്ന നിലയിൽ അതിനെ യഥാർത്ഥമായി ഉൾക്കൊള്ളാനും അവളുടെ വികലമായ മനസ്സ് സ്വപ്നം കാണുന്നു.. " സ്ത്രീയുടെ ദൗർഭാഗ്യ അവസ്ഥയെ പാണ്ഡവപുരം എന്ന ബിംബത്തിലൂടെ നോവലിസ്റ്റ് സ്ഥലവത്കരിക്കുന്നു. ആ ഭാവനാസ്ഥലത്തെ ആവാഹിക്കുന്നതിലൂടെ സാമ്പ്രദായിക ഗാർഹിക സങ്കല്പത്തെയും ലിംഗ കേന്ദ്രമായ സാമൂഹ്യ വ്യവസ്ഥയെയും ലംഘിക്കുകയാണ് ദേവി.സ്വപ്നങ്ങളിൽ അബോധമനസ്സിലെ സത്തകൾ ആണ് പ്രതീക രൂപത്തിൽ പൊങ്ങി വരുന്നത്. ഉണർന്നിരിക്കുമ്പോഴും ഇത്തരം മാനസികാവസ്ഥയ്ക്ക് ചിലർ വിധേയരാകുന്നു. അത്തരം മാനസികാവസ്ഥയിലൂടെയാണ് പാണ്ഡവപുരം എന്ന നോവൽ ആദിമധ്യാന്തം ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്.

പ്രച്ഛന്നരതിയുടെ നിഗൂഢമായ രൂപമാണ് ചെറുപ്പക്കാരനോടുള്ള അവളുടെ പ്രതികാരത്തിലുള്ളത്. " അവളുടെ കണ്ണുകളിൽ തീനാമ്പുകൾ പുളയുന്നുണ്ടായിരുന്നു,അയാളുടെ കൺമുമ്പിൽ ആ ചുവന്ന ജ്വാല ഉലഞ്ഞു വിറച്ചു,നെറുകയിലെ സിന്ദൂരം പടർന്ന മുഖം ആകെ ചുവന്നു…ആ കണ്ണുകളിൽ നിന്ന്, ചുണ്ടുകളിൽ നിന്ന്, ചിതറിയ ആസക്തിയുടെ തീപ്പൊരികൾ അയാൾക്ക് ചുറ്റും ഒരു ചിതയായി എരിഞ്ഞു ". മനുഷ്യ സ്വഭാവ വൈരുദ്ധ്യങ്ങളുടെ ഏറ്റവും പ്രധാന കാരണം ലൈംഗികതയാണെന്നാണ് മനശാസ്ത്ര സിദ്ധാന്തം. ശാരീരികമായ പ്രവർത്തനങ്ങളെക്കാൾ ഉപരി മാനസികമായ പ്രവണതകളാണ് അവയ്ക്കുള്ളത്.സാമൂഹിക സദാചാരത്തിന് യോജിച്ചതല്ലാത്തതിനാൽ നിരവധി പ്രതിരോധതന്ത്രങ്ങളിലൂടെ അത് പ്രകടമാകുന്നു. മറ്റുള്ളവരിൽ കുറ്റം ആരോപിക്കുക, ക്രോധം പ്രകടിപ്പിക്കുക, സ്വന്തം മാനസികാവസ്ഥയ്ക്ക് എതിരായി പ്രവർത്തിക്കുക,എന്നിവയെല്ലാം ഇതിന്റെ ഫലമാണ്.ബാഹ്യവും ആഭ്യന്തരവുമായ സ്വഭാവം വ്യക്തിക്ക് ഉണ്ടെന്ന് യുങ്ങും പറഞ്ഞിട്ടുണ്ട്.ബാഹ്യ സ്വഭാവത്തിനെ 'പെർസോണ'എന്നും ആന്തരിക സ്വഭാവത്തിനെ 'നിഴൽ എന്നുമാണ് അദ്ദേഹം വിശേഷിപ്പിച്ചത്.സമൂഹത്തെ ഭയന്ന് ചെറുപ്പത്തിൽ തന്നെ അടക്കിവെക്കുന്ന കാമത്തെ ചെറുപ്പക്കാരനോടുള്ള പ്രതികരണത്തിലൂടെയും നാട്ടുപ്രമാണിമാരോടുള്ള പ്രതികരണത്തിലൂടെയും മറ്റൊരു രൂപം പ്രാപിക്കുന്നത് നാം കാണുന്നു. ആ ഭാവനാലോകത്തിൽ തന്റെ മുമ്പിലൂടെ നിരയിട്ട് പോകാറുള്ള അസംഖ്യം ജാരന്മാരുടെ കൂട്ടത്തിൽ പഴയ ഭർത്താവിന് ക്യൂവിലെ ഏറ്റവും പുറകിലുള്ള സ്ഥാനം കൽപ്പിക്കാനുള്ള ആർജ്ജവം അവൾ നേടുന്നുണ്ട്.

ഉപസംഹാരം

പാണ്ഡവപുരവുമായി ബന്ധപ്പെട്ട് ഈ നോവലിൽ അവതരിപ്പിക്കുന്ന മിത്തുകൾ ദേവിയുടെ എന്നല്ല സ്ത്രീ സമൂഹത്തിന്റെ തന്നെ പ്രതീകങ്ങളാണ്. ഉപബോധമനസ് സ്വയം ആവിഷ്കരണം തേടുന്നത് പ്രതീകങ്ങളിലാണ്. ആ പ്രതീകങ്ങൾ പരസ്പര വിരുദ്ധങ്ങളായ പലതിനെയും അത്ഭുതകരമായ രീതിയിൽ കൂട്ടിയിണക്കുന്നു. നമ്മുടെ സ്വപ്നങ്ങളിലും അസാധാരണമായ മാനസികാവസ്ഥകളി ലും നമ്മളിലേക്ക് ഒഴുകിവരുന്ന പ്രതികങ്ങളുടെയും ബിംബങ്ങളുടെയും ഒരു മഹാസാഗരമാണത്. ഉപബോധ മനസ്സിനെ പോലെ അത് ചിന്തിക്കുകയും ദിവ്യനുഭൂതികൾ അനുഭവിക്കുകയും ഉദ്ദേശ്യപൂർവ്വമായി പെരുമാറുകയും ചെയ്യുന്നു. പാണ്ഡവപുരത്തെ അഞ്ചു പുത്രന്മാരുടെയും അവരുടെ ഭാര്യയുടെയും കഥയും കൊല്ലന്റെയും കൊല്ലത്തിയുടെയും കഥയുമെല്ലാം സ്ത്രീ സ്വത്വത്തെക്കുറിച്ചും അവളുടെ മാനസികാവസ്ഥയെ ക്കുറിച്ചും ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന പ്രതീകങ്ങളാണ്.അമ്മയെപ്പോലെ വാത്സല്യം പകരാനും ദേവിയെ പോലെ അനുഗ്രഹം ചൊരിയാനും മാത്രമല്ല യക്ഷിയെപ്പോലെ രക്തമൂറ്റി കുടിക്കുവാനും കഴിയുന്ന സ്ത്രീ ബിംബം. തലമുറകളായി പുരുഷാധിപത്യത്തിന്റെ പ്രഹരങ്ങൾ അവളിലേൽപ്പിച്ച മുറിവുകൾ വ്രണമായപ്പോൾ പുരുഷാധിപത്യ ലോകത്തോടുള്ള വെല്ലുവിളിയായി അവളുടെ മനസ്സ് ഉണർന്നെഴുന്നേൽക്കുന്നു.സമൂഹം വിലക്കുകൽപ്പിച്ച എല്ലാത്തിനെയും പ്രതികാരമൂർത്തിയെപ്പോലെ അവൾ മനസ്സിൽ ചെയ്തുകൂട്ടുന്നു തന്റെ കൈകാലുകളിൽ കൂ ച്ചുവിലങ്ങിടാൻ ആർക്കാണ് അധികാരം എന്ന ചോദ്യം ഏറ്റുവാങ്ങിക്കൊണ്ട് വായനയുടെ ഒരു പുതിയ തലത്തിലൂടെ ജീവിതസമസ്യങ്ങളുടെ ആവിഷ്കാരമായി ഈ നോവൽ മാറുന്നു.

സഹായക ഗ്രന്ഥങ്ങൾ

**1.**സേതു,പാണ്ഡവപുരം, കോട്ടയം,ഡി.സി ബുക്സ്, 2006.

2. പി കെ രാജശേഖരൻ, അന്ധനായ ദൈവം, കോട്ടയം, ഡി.സി ബുക്സ്,2010.

3. ഡോ. പി രാമചന്ദ്രൻ ഫ്രോയ്ഡ് മുതൽ അരവിന്ദൻ വരെ, കോഴിക്കോട്, തപസ്യ, 1990.

4.Valerie J Sutherland and Cary L Cooper, Understanding stress, London, Chapman and Hall. 1990.

5.Wollhein Richard, Freud, London: fontana Press, 1991.

6. Sigmund Freud, 'The universal tendency to Debasement in love 'on sexuality,New Delhi, Shijees books International, 2003.

7.Avis M Dry, The Psychology of Jung -A critical interpretation, Hazeer Watson nd Vincy Ltd. 1961.